# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 630 — 24/01/2018-ൽ മറുപടിക്ക്

### കായംകുളം മണ്ഡലത്തിൽ വൈദ്യുതി ബോർഡ് നടപ്പിലാക്കിയ പദ്ധതികൾ

| | ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കായംകുളം മണ്ഡലത്തിൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിലേക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിതരണ മേഖലയിൽ കായംകുളം നിയോജകമണ്ഡലത്തിൽ ബോർഡിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ (കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS, RAPDRP ഉൾപ്പെടെ), സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവയിലായി 18.15 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുകയും, 10 ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും, 37.33 കിലോമീറ്റർ എൽ.ടി. ലൈൻ നിർമ്മിക്കുകയും, 6.46 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനായി മാറ്റുകയും, 30.82 കിലോമീറ്റർ എൽ.ടി. ലൈൻ, 1 കിലോ മീറ്റർ എച്ച്.ടി. ലൈൻ എന്നിവയുടെ ശേഷി വർദ്ധിപ്പിക്കുകയും 2182 വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികളിലായി ആകെ 586 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കായംകുളം മണ്ഡലത്തിൽ പ്രസരണ മേഖലയിൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. IPDS (ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം) പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | കായംകുളം സബ്സ്റ്റേഷനിൽ 200 ആമ്പിയർ അവറിന്റെ ഒരു ബാറ്ററി സിസ്റ്റം സ്ഥാപിച്ച് കമ്മീഷൻ ചെയ്തു. ചെലവഴിച്ച തുക – 8,11,957 രൂപ.<br>2. IPDS പദ്ധതിയിൽ കേടായ മീറ്ററുകൾ (അമ്മീറ്റർ, വോൾട്ട് മീറ്റർ) മാറ്റി സ്ഥാപിച്ചു.<br>ചെലവഴിച്ച തുക – 16,671 രൂപ |

സെക്ഷൻ ഓഫീസർ